# കേരള സംസ്ഥാന വൈദ്യുതി
# റഗുലേറ്ററി കമ്മീഷൻ

# 2015-ലെ കേരള സംസ്ഥാന
# വൈദ്യുതി റഗുലേറ്ററി കമ്മീഷൻ
# (കൺസൾട്ടന്റുമാരുടെ നിയമനം)
# റഗുലേഷനുകൾ

സർക്കാർ പ്രസ്സുകളുടെ സൂപ്രണ്ടിനാൽ തിരുവനന്തപുരം സർക്കാർ മുദ്രനിർമ്മാണശാലയിൽ അച്ചടിച്ചത്-2022.

കേരള സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ

**വിജ്ഞാപനം***

**നമ്പർ 1573/അഡ്മിൻ./15/കെഎസ്ഇആർസി.** തിരുവനന്തപുരം, 2015 നവംബർ 18.

2003-ലെ ഇലക്ട്രിസിറ്റി ആക്റ്റ് (2003-ലെ 36) 181-ാം വകുപ്പ് പ്രകാരം നൽകപ്പെട്ട അധികാരങ്ങളും ഇതിലേക്ക് അതിനെ പ്രാപ്തമാക്കുന്ന മറ്റെല്ലാ അധികാരങ്ങളും വിനിയോഗിച്ചും മുൻകൂട്ടി പ്രസിദ്ധപ്പെടുത്തിയതിനു ശേഷവും കേരള സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ, ഇതിനാൽ താഴെപ്പറയുന്ന റഗുലേഷനുകൾ ഉണ്ടാക്കുന്നു, അതായത്:—

**2015-ലെ കേരള സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ (കൺസൾട്ടന്റുമാരുടെ നിയമനം) റഗുലേഷനുകൾ**

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ റഗുലേഷനുകൾക്ക് 2015-ലെ കേരള സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ (കൺസൾട്ടന്റുമാരുടെ നിയമനം) റഗുലേഷനുകൾ എന്ന് പേര് പറയാവുന്നതാണ്.

(2) ഈ റഗുലേഷനുകൾ ഔദ്യോഗിക ഗസറ്റിൽ അവ പ്രസിദ്ധീകരിക്കുന്ന തീയതിയിൽ പ്രാബല്യത്തിൽ വരുന്നതാണ്.

2. നിർവ്വചനങ്ങൾ.—ഈ റഗുലേഷനുകളിൽ സന്ദർഭം മറ്റു വിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം,—

(എ) "ചെയർപേഴ്സൺ" എന്നാൽ കമ്മീഷന്റെ ചെയർപേഴ്സൺ എന്നർത്ഥമാകുന്നു;

(ബി) "കമ്മീഷൻ" എന്നാൽ 2003-ലെ ഇലക്ട്രിസിറ്റി ആക്റ്റ് (2003-ലെ 36) 82-ാം വകുപ്പ് പ്രകാരം രൂപീകരിക്കപ്പെട്ട കേരള സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ എന്നർത്ഥമാകുന്നു;

(സി) "കൺസൾട്ടന്റ്" എന്നതിൽ ഏതെങ്കിലും വിദഗ്ദ്ധമായ വിജ്ഞാനമോ അനുഭവജ്ഞാനമോ നിപുണതയോ ഉള്ളവരോ ഉള്ളതോ അല്ലെങ്കിൽ അതിലേക്ക് പ്രാപ്യത ഉള്ളവരോ ഉള്ളതോ ആയ കമ്മീഷന്റെ സ്ഥിരം ഉദ്യോഗത്തിലല്ലാത്ത ഏതെങ്കിലും വ്യക്തി, കമ്പനി, ഫേം, ആളുകളുടെ നികായം അല്ലെങ്കിൽ സംഘടന ഉൾപ്പെടുന്നതാകുന്നു;

(ഡി) "കൺസൾട്ടൻസി മൂല്യനിർണ്ണയ സമിതി" എന്നാൽ അതതു സംഗതിപോലെ 6-ാം റഗുലേഷൻ അല്ലെങ്കിൽ 7-ാം റഗുലേഷൻ അല്ലെങ്കിൽ 9-ാം റഗുലേഷൻ പ്രകാരം രൂപീകരിക്കപ്പെട്ട സമിതി എന്നർത്ഥമാകുന്നു;

(ഇ) "സെക്രട്ടറി" എന്നാൽ കമ്മീഷന്റെ സെക്രട്ടറി എന്നർത്ഥമാകുന്നു.

3. കൺസൾട്ടന്റുമാരെ നിയോഗിക്കുന്നതിനുള്ള ആവശ്യങ്ങൾ.—കമ്മീഷന്, താഴെപ്പറയുന്ന ഒന്നോ അതിലധികമോ ആവശ്യങ്ങൾക്കായി കൺസൾട്ടന്റുമാരെ നിയോഗിക്കാവുന്നതാണ്, അതായത്:—

(i) കമ്മീഷന്, പ്രസക്തവും താത്പര്യവുമുള്ള പ്രത്യേക വിഷയങ്ങളിൽ വിദഗ്ദ്ധോപദേശം നൽകുന്നതിന്;

(ii) പഠനം നടത്തുന്നതിനോ ഡാറ്റ വിശകലനം ചെയ്യുന്നതിനോ ബഞ്ച്മാർക്കുകൾ വികസിപ്പിക്കുന്നതിനോ സമാനമായ മറ്റേതെങ്കിലും ആവശ്യത്തിനോവേണ്ടി;

(iii) ഉദ്യമങ്ങൾ നിർവ്വഹിക്കുന്നതിന് അനുഭവജ്ഞാനവും യോഗ്യതകളും ആവശ്യമായിരിക്കുകയും അവ കമ്മീഷനിൽ ലഭ്യമല്ലാതിരിക്കുകയോ ഗുണനിലവാരം, സമയം അല്ലെങ്കിൽ മറ്റേതെങ്കിലും പരിഗണനയുടെ അടിസ്ഥാനത്തിൽ ഉദ്യമം പൂർത്തീകരിക്കുന്നതിന് കൺസൾട്ടന്റിന്റെ നിയമനം കൂടുതൽ ഫലപ്രദമായ ഒരു രീതിയാണെന്ന കമ്മീഷന്റെ അഭിപ്രായത്തിന്മേലോ; കൂടാതെ

* 2015 ഡിസംബർ 1-ാം തീയതിയിലെ 2692-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ 2015 നവംബർ 18-ാം തീയതിയിലെ നമ്പർ 1573/അഡ്മിൻ./15/കെഎസ്ഇആർസി വിജ്ഞാപനപ്രകാരം പ്രസിദ്ധപ്പെടുത്തി.

(iv) കമ്മീഷനിൽ ജോലിയുടെ അളവ് വർദ്ധിച്ചിട്ടുണ്ടെന്നോ വിവിധ പരിമിതികളാൽ സ്ഥിരം തസ്തികകളിലെ ഒഴിവ് നികത്തുന്നതിന് ഉടനെ കഴിയുകയില്ലെന്നോ കമ്മീഷന് ബോദ്ധ്യപ്പെടുന്നുവെങ്കിൽ കമ്മീഷനെ അതിന്റെ ചുമതലകൾ നിർവ്വഹിക്കുന്നതിൽ സഹായിക്കുന്നതിന്:

എന്നാൽ, കമ്മീഷനിൽ ഇൻ-ഹൗസ് സൗകര്യം (in-house facility) ലഭ്യമാകുന്ന പതിവ് ദൈനംദിന ജോലികൾക്കുവേണ്ടി കൺസൾട്ടന്റിനെ സാധാരണയായി നിയമിക്കാൻ പാടില്ലാത്തതാണ്.

4. നിയമനകാലയളവ്.— പ്രത്യേകമായ ജോലി പൂർത്തീകരിക്കുന്നതിനാവശ്യമായ ഏറ്റവുംകുറഞ്ഞ കാലയളവിലേക്കുവേണ്ടി കൺസൾട്ടന്റിനെ നിയോഗിക്കേണ്ടതും ഒരുകാരണവശാലും കൺസൾട്ടന്റിന്റെ നിയമനം തുടർച്ചയായ മൂന്ന് വർഷക്കാലയളവിൽ കവിയാൻ പാടില്ലാത്തതുമാണ്.

5. കൺസൾട്ടന്റുമാരെ വിഭാഗങ്ങളായി തിരിക്കൽ.— കൺസൾട്ടന്റുമാരെ,

(i) കോർപ്പറേറ്റ് കൺസൾട്ടന്റുമാർ,

(ii) വ്യക്തിഗത കൺസൾട്ടന്റുമാർ,

(iii) സ്റ്റാഫ് കൺസൾട്ടന്റുമാർ,

(iv) പ്രൊഫഷണൽ വിദഗ്ദ്ധർ

എന്നീ വിഭാഗങ്ങളായി തിരിക്കാവുന്നതാണ്.

6. കോർപ്പറേറ്റ് കൺസൾട്ടന്റുമാർ.— (1) കമ്മീഷന്, കൺസൾട്ടന്റുമാരുടെ സേവനങ്ങൾ ഉപയോഗിക്കുന്നതിനുള്ള ആവശ്യകത ഉണ്ടെന്നും, അവ, അതിന്റെ അഭിപ്രായത്തിൽ, ഒരു കമ്പനിയോ ഒരു ഫേമോ ആളുകളുടെ ഒരു സംഘടനയോ നികായമോ ഏറ്റവും ഉചിതമായി ലഭ്യമാക്കിയേക്കാവുന്നതാണെന്നും ബോദ്ധ്യപ്പെടുന്നപക്ഷം, ആ ആവശ്യത്തിലേക്കായി പ്രവൃത്തിയുടെ വ്യാപ്തി, കൈവരിക്കേണ്ടതായ ഫലങ്ങൾ, ഫലങ്ങൾ കൈവരിക്കുന്നതിനുള്ള സമയ വിവര പട്ടിക, ഓരോ ഫലവും കൈവരിക്കുന്നതുമായി ബന്ധപ്പെട്ട് പണംകൊടുക്കുന്നതിന്റെ പട്ടിക എന്നിവ സൂചിപ്പിച്ചുകൊണ്ട് ടേംസ് ഓഫ് റഫറൻസ് തയ്യാറാക്കാൻ സെക്രട്ടറിയോട് നിർദ്ദേശിക്കാവുന്നതാണ്.

(2) കമ്മീഷൻ, കോർപ്പറേറ്റ് കൺസൾട്ടന്റിനെ തിരഞ്ഞെടുക്കുന്ന ആവശ്യത്തിലേക്കായി താഴെപ്പറയുന്നവർ ഉൾപ്പെടുന്ന ഒരു കൺസൾട്ടൻസി മൂല്യനിർണ്ണയ സമിതി രൂപീകരിക്കേണ്ടതാണ്,—

(i) സെക്രട്ടറി;

(ii) കൺസൾട്ടൻസി സേവനങ്ങൾ ലഭിക്കേണ്ടതായ പ്രവൃത്തിമേഖലയിൽ ജ്ഞാനമുള്ള കമ്മീഷനിലെ ഒരു ഉദ്യോഗസ്ഥൻ;

(iii) കമ്മീഷൻ നാമനിർദ്ദേശം ചെയ്തേക്കാവുന്ന പ്രകാരമുള്ള പുറത്തുനിന്നുള്ള ഒരു വിദഗ്ദ്ധൻ.

(3) കൺസൾട്ടൻസി മൂല്യനിർണ്ണയ സമിതി,—

(എ) കോർപ്പറേറ്റ് കൺസൾട്ടന്റിന്റെ നിയമനത്തിനുവേണ്ടി സെക്രട്ടറി തയ്യാറാക്കിയ ടേംസ് ഓഫ് റഫറൻസ് സൂക്ഷ്മപരിശോധന നടത്തുകയും ആവശ്യമെന്നു കണ്ടാൽ ഭേദഗതികൾ വരുത്തുകയും ചെയ്യേണ്ടതാണ്.

(ബി) മൂല്യനിർണ്ണയത്തിനുള്ള ഘടകങ്ങൾ തീരുമാനിക്കുകയും ബിഡ്ഡുകളുടെ (bids) മൂല്യനിർണ്ണയത്തിന്റെ ആവശ്യത്തിലേക്കായി അങ്ങനെയുള്ള ഓരോ ഘടകത്തിനും വെയിറ്റേജ് നൽകുകയും ചെയ്യേണ്ടതാണ്.

എന്നാൽ, ഘടകങ്ങൾക്ക് വെയിറ്റേജ് നൽകുമ്പോൾ, കൺസൾട്ടൻസിക്കുവേണ്ടിയുള്ള പ്രൊപ്പോസലിന്റെ സാങ്കേതികവശങ്ങൾക്ക് ഏറ്റവുംകുറഞ്ഞത് എഴുപത് ശതമാനം വെയിറ്റേജ് നൽകേണ്ടതാണ്.

(സി) അങ്ങനെയുള്ള ടേംസ് ഓഫ് റഫറൻസ്, ഘടകങ്ങൾ, ഓരോ ഘടകത്തിനും നൽകുന്ന വെയിറ്റേജ് എന്നിവയ്ക്ക് കമ്മീഷന്റെ അംഗീകാരം നേടേണ്ടതാണ്.

(4) (എ) മേൽപ്പറഞ്ഞ (3)-ാം ഉപറഗുലേഷൻ പ്രകാരം ടേംസ് ഓഫ് റഫറൻസ്, ഘടകങ്ങൾ, അവയുടെ വെയിറ്റേജുകൾ എന്നിവയ്ക്ക് കമ്മീഷന്റെ അംഗീകാരം നേടിയതിനുശേഷം കൺസൾട്ടൻസി മൂല്യനിർണ്ണയ സമിതി, നോട്ടീസിന്റെ പ്രസിദ്ധീകരണം മുഖേന മുദ്രവച്ച പ്രത്യേകം കവറുകളിൽ സാങ്കേതികവും ധനപരവുമായ പ്രൊപ്പോസലുകളടങ്ങിയ ഒറ്റഘട്ട ബിഡ്ഡുകൾ (bids) ക്ഷണിക്കേണ്ടതാണ്.

(ബി) മേൽപ്പറഞ്ഞ (എ) ഖണ്ഡപ്രകാരമുള്ള ബിഡ്ഡുകൾ (bids) ക്ഷണിച്ചുകൊണ്ടുള്ള നോട്ടീസ് ഏറ്റവുംകുറഞ്ഞത് ഒരു മലയാളം വർത്തമാനപത്രത്തിലും ഒരു ഇംഗ്ലീഷ് വർത്തമാന പത്രത്തിലും കമ്മീഷന്റെ വെബ്സൈറ്റിലും മൂന്ന് ആഴ്ചയിൽ കുറയാത്ത ഒരു നോട്ടീസ്കാലയളവ് നൽകിക്കൊണ്ട് പ്രസിദ്ധീകരിക്കേണ്ടതാണ്:

എന്നാൽ, അടിയന്തര വിഷയങ്ങളിൽ, കമ്മീഷന്റെ അംഗീകാരത്തോടുകൂടി തീരുമാനിക്കാവുന്ന പ്രകാരം, നോട്ടീസിന്റെ കാലയളവ് മൂന്ന് ആഴ്ചയിൽ കുറവായും എന്നാൽ രണ്ട് ആഴ്ചയിൽ കുറയാതെയും ചുരുക്കാവുന്നതാണ്.

(5) കൺസൾട്ടൻസി മൂല്യനിർണ്ണയ സമിതി, കമ്മീഷൻ അംഗീകരിച്ച പ്രകാരമുള്ള ഒരോ ഘടകത്തിനും നിർണ്ണയിച്ചിട്ടുള്ള വെയിറ്റേജിന്റെ അടിസ്ഥാനത്തിൽ 'സംയോജിത-ഗുണനിലവാരവും വിലയും-അധിഷ്ഠിത സമ്പ്രദായം' ('Combined–Quality–Cum–Cost–Based system') മുഖേന ബിഡ്ഡുകൾ (bids) മൂല്യനിർണ്ണയം ചെയ്യേണ്ടതാണ്:

എന്നാൽ, കൺസൾട്ടൻസി മൂല്യനിർണ്ണയ സമിതി, സാധുതയുള്ള രണ്ട് ബിഡ്ഡുകളെങ്കിലും (bids) ലഭിക്കാത്തപക്ഷം ബിഡ്ഡുകളുടെ (bids) മൂല്യനിർണ്ണയവുമായി മുന്നോട്ട് പോകാൻ പാടില്ലാത്തതാണ്:

എന്നുമാത്രമല്ല, മതിയായ ബിഡ്ഡുകൾ (bids) ലഭിക്കാത്ത സംഗതിയിൽ കമ്മീഷന്റെ മുൻകൂട്ടിയുള്ള അംഗീകാരത്തോടുകൂടി, എഴുതി രേഖപ്പെടുത്തേണ്ട കാരണങ്ങളാൽ സാധുതയുള്ള രണ്ട് ബിഡ്ഡുകൾ (bids) എന്ന വ്യവസ്ഥയ്ക്ക് ഇളവ് വരുത്താവുന്നതാണ്.

(6) കൺസൾട്ടൻസി മൂല്യനിർണ്ണയ സമിതി, മേൽപ്പറഞ്ഞ (5)-ാം ഉപറഗുലേഷൻ പ്രകാരം നടത്തിയ മൂല്യനിർണ്ണയത്തിന്റെ അടിസ്ഥാനത്തിൽ അവർ തിരഞ്ഞെടുത്ത കൺസൾട്ടന്റുമാരുടെ ഒരു പാനൽ തയ്യാറാക്കേണ്ടതും കൺസൾട്ടന്റുമാരുടെ പാനലും അങ്ങനെയുള്ള പാനൽ തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട രേഖകളും കമ്മീഷൻ മുമ്പാകെ വയ്ക്കേണ്ടതുമാണ്.

(7) കമ്മീഷൻ, കൺസൾട്ടൻസി മൂല്യനിർണ്ണയ സമിതി തയ്യാറാക്കിയ പാനലിൽ ഉൾപ്പെട്ട കൺസൾട്ടന്റുമാർക്കിടയിൽനിന്നും കോർപ്പറേറ്റ് കൺസൾട്ടന്റിനെ നിയോഗിക്കേണ്ടതാണ്.

(8) ഈ റഗുലേഷനിൽ എന്തുതന്നെ അടങ്ങിയിരുന്നാലും അടിയന്തര സ്വഭാവവും മൂന്ന് ലക്ഷം രൂപയിൽ കവിയാൻ സാധ്യതയില്ലാത്ത സാമ്പത്തിക പ്രതിജ്ഞാബദ്ധതയുമുള്ള സംഗതികളിൽ, കമ്മീഷന്, സിംഗിൾ സോഴ്സിംഗിന്റെ അടിസ്ഥാനത്തിൽ ഒരു കോർപ്പറേറ്റ് കൺസൾട്ടന്റിന്റെ കൺസൾട്ടൻസി സേവനങ്ങൾ ഉപയോഗിക്കാവുന്നതാണ്.

7. വ്യക്തിഗത കൺസൾട്ടന്റുമാർ.— (1) കമ്മീഷന്, കൺസൾട്ടൻസി സേവനങ്ങൾ ഉപയോഗിക്കുന്നതിനുള്ള ആവശ്യകത ഉണ്ടെന്നും, അവ, അതിന്റെ അഭിപ്രായത്തിൽ, ആ കർത്തവ്യത്തിനാവശ്യമായ യോഗ്യതയും അനുഭവജ്ഞാനവുമുള്ള ഒരു വ്യക്തിക്ക് കൂടുതൽ കാര്യക്ഷമമായി നിർവ്വഹിക്കാൻ കഴിയുമെന്നും ബോദ്ധ്യപ്പെടുമ്പോൾ ഒരു വ്യക്തിഗത കൺസൾട്ടന്റിനെ നിയോഗിക്കാൻ തീരുമാനിക്കാവുന്നതും ആ ആവശ്യത്തിലേക്കായി പ്രവൃത്തിയുടെ വ്യാപ്തി, കൈവരിക്കേണ്ടതായ ഫലങ്ങൾ, ഫലങ്ങൾ കൈവരിക്കുന്നതിനുള്ള സമയ വിവര പട്ടിക, ഓരോ ഫലവും കൈവരിക്കുന്നതുമായി ബന്ധപ്പെട്ട് പണം കൊടുക്കുന്നതിന്റെ പട്ടിക, അങ്ങനെയുള്ള കൺസൾട്ടൻസി സേവനങ്ങൾ നേടുന്നതിനാവശ്യമായ അനുഭവജ്ഞാനം, യോഗ്യത എന്നിവ സൂചിപ്പിച്ചുകൊണ്ട് ടേംസ് ഓഫ് റഫറൻസ് തയ്യാറാക്കാൻ സെക്രട്ടറിയോട് നിർദ്ദേശിക്കാവുന്നതാണ്.

(2) കമ്മീഷൻ, ഒരു വ്യക്തിഗത കൺസൾട്ടന്റിനെ തിരഞ്ഞെടുക്കുന്ന ആവശ്യത്തിലേക്കായി ഒരു കൺസൾട്ടൻസി മൂല്യനിർണ്ണയ സമിതി രൂപീകരിക്കേണ്ടതും പ്രസ്തുത സമിതിക്ക് ചെയർപേഴ്സൺ നാമനിർദ്ദേശം ചെയ്യുന്ന കമ്മീഷനിലെ ഒരു അംഗം നേതൃത്വം നൽകേണ്ടതും അതിൽ സെക്രട്ടറിയും കമ്മീഷനിലെ ഒരു ഉദ്യോഗസ്ഥനും അല്ലെങ്കിൽ കൺസൾട്ടൻസി സേവനങ്ങൾ ലഭിക്കേണ്ടതായ പ്രവൃത്തിമേഖലയിൽ ജ്ഞാനമുള്ള മറ്റേതെങ്കിലും ആളും ഉൾപ്പെടുന്നതുമാണ്.

(3) കൺസൾട്ടൻസി മൂല്യനിർണ്ണയ സമിതി, വ്യക്തിഗത കൺസൾട്ടന്റിന്റെ നിയമനത്തിനുവേണ്ടി സെക്രട്ടറി തയ്യാറാക്കിയ ടേംസ് ഓഫ് റഫറൻസ് സൂക്ഷ്മ പരിശോധന നടത്തേണ്ടതും ആവശ്യമെന്നു കണ്ടാൽ ഭേദഗതികൾ വരുത്തേണ്ടതും അങ്ങനെയുള്ള ടേംസ് ഓഫ് റഫറൻസിന് കമ്മീഷന്റെ അംഗീകാരം നേടേണ്ടതുമാണ്.

(4) (എ) മേൽപ്പറഞ്ഞ (3)-ാം ഉപറഗുലേഷൻ പ്രകാരം ടേംസ് ഓഫ് റഫറൻസിന് കമ്മീഷന്റെ അംഗീകാരം നേടിയതിനുശേഷം കൺസൾട്ടൻസി മൂല്യനിർണ്ണയ സമിതി നോട്ടീസിന്റെ പ്രസിദ്ധീകരണം മുഖേന അപേക്ഷകൾ ക്ഷണിക്കേണ്ടതാണ്.

(ബി) മേൽപ്പറഞ്ഞ (എ) ഖണ്ഡപ്രകാരമുള്ള അപേക്ഷ ക്ഷണിച്ചുകൊണ്ടുള്ള നോട്ടീസ് ഏറ്റവുംകുറഞ്ഞത് ഒരു മലയാളം വർത്തമാനപത്രത്തിലും ഒരു ഇംഗ്ലീഷ് വർത്തമാനപത്രത്തിലും കമ്മീഷന്റെ വെബ്സൈറ്റിലും മൂന്ന് ആഴ്ചയിൽ കുറയാത്ത ഒരു നോട്ടീസ്കാലയളവ് നൽകിക്കൊണ്ട് പ്രസിദ്ധീകരിക്കേണ്ടതാണ്:

എന്നാൽ, അടിയന്തര വിഷയങ്ങളിൽ, കമ്മീഷന്റെ അംഗീകാരത്തോടുകൂടി തീരുമാനിക്കാവുന്ന പ്രകാരം, നോട്ടീസിന്റെ കാലയളവ് മൂന്ന് ആഴ്ചയിൽ കുറവായും എന്നാൽ രണ്ട് ആഴ്ചയിൽ കുറയാതെയും ചുരുക്കാവുന്നതാണ്.

(5) കൺസൾട്ടൻസി മൂല്യനിർണ്ണയ സമിതി അർഹരായ അപേക്ഷകരുടെ ഒരു ചുരുക്കപ്പട്ടിക തയ്യാറാക്കേണ്ടതും അങ്ങനെയുള്ള അപേക്ഷകർക്കുവേണ്ടി ഒരു നേരിട്ടുള്ള അഭിമുഖം നടത്തേണ്ടതുമാണ്.

(6) കൺസൾട്ടൻസി മൂല്യനിർണ്ണയ സമിതി താഴെപ്പറയുന്ന ഘടകങ്ങൾ, അതായത്:—

(എ) അക്കാദമിക പശ്ചാത്തലം,

(ബി) അനുഭവജ്ഞാനം,

(സി) ഭാഷ, സംസ്കാരം, ഭരണ സമ്പ്രദായം, പ്രസക്തമായ മറ്റു ഘടകങ്ങൾ തുടങ്ങിയവ പോലുള്ള തൊഴിൽപരമായ സാഹചര്യത്തെക്കുറിച്ചുള്ള അറിവ് എന്നിവയ്ക്ക്

പരിഗണന കൊടുത്തുകൊണ്ടും, എന്നാൽ അവയിൽ പരിമിതപ്പെടുത്താതെയും, അപേക്ഷകരുടെ വിദ്യാഭ്യാസ യോഗ്യതകൾ, അനുഭവജ്ഞാനം, അഭിമുഖത്തിലെ പ്രകടനം എന്നിവയ്ക്ക് മാർക്കുകൾ നൽകിക്കൊണ്ട്, കൺസൾട്ടന്റായി നിയമനത്തിനുവേണ്ടി ആളുകളുടെ ഒരു പാനൽ തയ്യാറാക്കേണ്ടതാണ്:

എന്നാൽ, കൺസൾട്ടൻസി മൂല്യനിർണ്ണയ സമിതി, രണ്ട് അപേക്ഷകളെങ്കിലും ലഭിക്കാത്തപക്ഷം, പാനൽ തയ്യാറാക്കലുമായി മുന്നോട്ട് പോകാൻ പാടില്ലാത്തതാണ്:

എന്നുമാത്രമല്ല, പര്യാപ്തമായ എണ്ണം ഉദ്യോഗാർത്ഥികളിൽ നിന്നും പ്രതികരണങ്ങൾ ലഭിച്ചില്ലെങ്കിൽ, കമ്മീഷന്റെ മുൻകൂട്ടിയുള്ള അംഗീകാരത്തോടുകൂടി, എഴുതി രേഖപ്പെടുത്തേണ്ട കാരണങ്ങളാൽ, രണ്ട് അപേക്ഷകർ എന്ന വ്യവസ്ഥക്ക് ഇളവ് വരുത്താവുന്നതാണ്.

(7) കൺസൾട്ടൻസി മൂല്യനിർണ്ണയ സമിതി മേൽപ്പറഞ്ഞ (5)-ാം ഉപറഗുലേഷൻ പ്രകാരം നടത്തിയ മൂല്യനിർണ്ണയത്തിന്റെ അടിസ്ഥാനത്തിൽ അവർ തിരഞ്ഞെടുത്ത അപേക്ഷകരുടെ ഒരു പാനൽ തയ്യാറാക്കേണ്ടതും പാനലും അങ്ങനെയുള്ള പാനൽ തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട രേഖകളും കമ്മീഷൻ മുമ്പാകെ വയ്ക്കേണ്ടതുമാണ്.

(8) കമ്മീഷൻ, കൺസൾട്ടൻസി മൂല്യനിർണ്ണയ സമിതി തയ്യാറാക്കിയ പാനലിൽ ഉൾപ്പെട്ട അപേക്ഷകർക്കിടയിൽനിന്നും വ്യക്തിഗത കൺസൾട്ടന്റിനെ നിയോഗിക്കേണ്ടതാണ്.

(9) വ്യക്തിഗത കൺസൾട്ടന്റിനുള്ള ഫീസ്, അങ്ങനെയുള്ള വ്യക്തിഗത കൺസൾട്ടന്റിന് നൽകിയിട്ടുള്ള കർത്തവ്യങ്ങളുടെ നിർവ്വഹണത്തിനാവശ്യമായ യോഗ്യത, അനുഭവജ്ഞാനം, പ്രവർത്തന രംഗത്തെ പ്രാഗത്ഭ്യം, അറിവ് എന്നിവയുടെ അടിസ്ഥാനത്തിൽ കമ്മീഷൻ നിശ്ചയിക്കേണ്ടതാണ്.

(10) ഒരു വ്യക്തിഗത കൺസൾട്ടന്റിന്റെ ആദ്യ നിയമന കാലയളവ് ഒരു വർഷത്തിൽ കവിയാൻ പാടില്ല:

എന്നാൽ, കമ്മീഷന്, സേവനത്തിന്റെ ആവശ്യകതകളിൽ, കൺസൾട്ടന്റിന്റെ ആകെ നിയമന ദൈർഘ്യം തുടർച്ചയായ മൂന്ന് വർഷക്കാലയളവ് കവിയാൻ പാടില്ലെന്ന വ്യവസ്ഥക്ക് വിധേയമായി, വ്യക്തിഗത കൺസൾട്ടന്റിന്റെ തൃപ്തികരമായ പ്രകടനത്തിന്റെ അടിസ്ഥാനത്തിൽ അയാളുടെ നിയമന കാലയളവ് ഒരു വർഷംവരെയുള്ള ഒരു കാലയളവിൽ നീട്ടാവുന്നതാണ്.

8. സ്റ്റാഫ് കൺസൾട്ടന്റ്.—(1) കമ്മീഷന്, കമ്മീഷന്റെ ജോലിയുടെ അളവിൽ വർദ്ധനയുണ്ടായിട്ടുണ്ടെന്നോ കൃത്യമായ രീതിയിൽ ഒഴിവുകൾ നികത്തുന്നതിൽ പ്രയാസങ്ങളുണ്ടായെന്നോ ബോദ്ധ്യപ്പെടുമ്പോൾ കമ്മീഷനെ അതിന്റെ ചുമതലകൾ കാര്യക്ഷമമായി നിർവ്വഹിക്കുന്നതിൽ സഹായിക്കാൻ ജോലിയുടെ ആവശ്യകതകളിൽ ഒരു സ്റ്റാഫ് കൺസൾട്ടന്റിനെ നിയോഗിക്കുന്നതിന് തീരുമാനിക്കാവുന്നതും ഈ ആവശ്യത്തിലേക്കായി തുടർന്നുള്ള നടപടികൾ സ്വീകരിക്കാൻ സെക്രട്ടറിയോട് നിർദ്ദേശിക്കാവുന്നതുമാണ്.

(2) സെക്രട്ടറി മേൽപ്പറഞ്ഞ (1)-ാം ഉപറഗുലേഷൻ പ്രകാരം നിർദ്ദേശങ്ങൾ ലഭിക്കുമ്പോൾ അങ്ങനെയുള്ള തസ്തികകളിലേക്കുള്ള റിക്രൂട്ട്മെന്റിനെ നിയന്ത്രിക്കുന്ന കമ്മീഷന്റെ റഗുലേഷനുകളിലെ പ്രസക്തമായ വ്യവസ്ഥകൾ കണക്കിലെടുത്തുകൊണ്ട് അങ്ങനെയുള്ള സ്റ്റാഫ് കൺസൾട്ടന്റിന് ആവശ്യമായ യോഗ്യതകളും അനുഭവജ്ഞാനവും നിർണ്ണയിക്കേണ്ടതാണ്:

എന്നാൽ, അങ്ങനെയുള്ള സ്റ്റാഫ് കൺസൾട്ടന്റിന്റെ ഉയർന്ന പ്രായപരിധി അറുപത്തിയഞ്ച് വയസ്സ് കവിയാൻ പാടില്ലാത്തതാണ്.

(3) സെക്രട്ടറി, താത്പര്യമുള്ള ആളുകൾക്ക് അപേക്ഷകൾ സമർപ്പിക്കുന്നതിനുവേണ്ടി രണ്ട് ആഴ്ചയിൽ കുറയാത്ത ഒരു കാലയളവ് നൽകിക്കൊണ്ട്, കമ്മീഷന്റെ വെബ്സൈറ്റിൽ നോട്ടീസ് പ്രസിദ്ധീകരിച്ച്, അപേക്ഷകൾ ക്ഷണിക്കേണ്ടതാണ്.

(4) കമ്മീഷൻ, സ്റ്റാഫ് കൺസൾട്ടന്റ് തസ്തികയ്ക്കുവേണ്ടിയുള്ള അപേക്ഷകരുടെ ഒരു പാനൽ തയ്യാറാക്കുന്നതിനായി സെക്രട്ടറിയും കൺസൾട്ടൻസി സേവനങ്ങൾ ലഭിക്കേണ്ടതായ പ്രവൃത്തി മേഖലയിൽ ജ്ഞാനമുള്ള കമ്മീഷനിലെ ഒരു ഉദ്യോഗസ്ഥനും ഉൾപ്പെടുന്ന ഒരു കൺസൾട്ടൻസി മൂല്യനിർണ്ണയ സമിതി രൂപീകരിക്കേണ്ടതാണ്:

എന്നാൽ, ചീഫ് എൻജിനീയറുടെ തസ്തികയ്ക്ക് തുല്യമായ ഒരു തസ്തികയിലേക്കാണ് സ്റ്റാഫ് കൺസൾട്ടന്റിനെ നിയോഗിക്കാൻ ഉദ്ദേശിക്കുന്നതെങ്കിൽ കമ്മീഷനിലെ ഒരു അംഗം കൺസൾട്ടൻസി മൂല്യനിർണ്ണയ സമിതിക്ക് നേതൃത്വം നൽകേണ്ടതാണ്.

(5) കൺസൾട്ടൻസി മൂല്യനിർണ്ണയ സമിതി, ഉദ്യോഗാർത്ഥികളുമായി അഭിമുഖം നടത്തേണ്ടതും സ്റ്റാഫ് കൺസൾട്ടന്റായി നിയമനത്തിനുവേണ്ടി അനുയോജ്യരായ ആളുകളുടെ പേരുകളുള്ള ഒരു പാനൽ തയ്യാറാക്കേണ്ടതും അങ്ങനെയുള്ള സ്റ്റാഫ് കൺസൾട്ടന്റിന് നൽകേണ്ടതായ പ്രതിഫലത്തിന്റെ നിരക്ക് ശിപാർശ ചെയ്യേണ്ടതുമാണ്:

എന്നാൽ, സ്റ്റാഫ് കൺസൾട്ടന്റിനുവേണ്ടി കൺസൾട്ടൻസി മൂല്യനിർണ്ണയ സമിതി ശിപാർശ ചെയ്തിട്ടുള്ള പ്രതിഫലം എല്ലാ പ്രവൃത്തിദിനങ്ങളിലും ഓഫീസ് ജോലികൾക്കായി ഹാജരാകുന്നതിനുവേണ്ടിയുള്ളതാണ്:

എന്നുമാത്രമല്ല, സ്റ്റാഫ് കൺസൾട്ടന്റിന് നൽകേണ്ടതായ പ്രതിഫലത്തിന്റെ നിരക്ക് ശിപാർശ ചെയ്യുമ്പോൾ, കൺസൾട്ടൻസി മൂല്യനിർണ്ണയ സമിതി സർക്കാരിലോ പൊതുമേഖലാ സ്ഥാപനങ്ങളിലോ സർക്കാരിനു കീഴിലുള്ള മറ്റ് സ്റ്റാറ്റ്യൂട്ടറി നികായങ്ങളിലോ സമാന തസ്തികകൾക്ക് ബാധകമായ ശമ്പള ഘടന കണക്കിലെടുക്കേണ്ടതാണ്.

(6) കമ്മീഷൻ, കൺസൾട്ടൻസി മൂല്യനിർണ്ണയ സമിതി തയ്യാറാക്കിയ പാനലിൽ ഉൾപ്പെട്ടിട്ടുള്ള അപേക്ഷകർക്കിടയിൽനിന്നും സ്റ്റാഫ് കൺസൾട്ടന്റിനെ നിയമിക്കേണ്ടതാണ്.

(7) ഒരു സ്റ്റാഫ് കൺസൾട്ടന്റിന്റെ ആദ്യ നിയമന കാലയളവ് ഒരു വർഷത്തിൽ കവിയാൻ പാടില്ല:

എന്നാൽ, കമ്മീഷന് സേവനത്തിന്റെ ആവശ്യകതകളിൽ കൺസൾട്ടന്റിന്റെ ആകെ നിയമന ദൈർഘ്യം തുടർച്ചയായ മൂന്ന് വർഷക്കാലയളവ് കവിയാൻ പാടില്ലെന്ന വ്യവസ്ഥയ്ക്കു വിധേയമായി, സ്റ്റാഫ് കൺസൾട്ടന്റിന്റെ തൃപ്തികരമായ പ്രകടനത്തിന്റെ അടിസ്ഥാനത്തിൽ അയാളുടെ നിയമന കാലയളവ് ഒരു വർഷം വരെയുള്ള ഒരു കാലയളവിൽ നീട്ടാവുന്നതാണ്.

(8) സ്റ്റാഫ് കൺസൾട്ടന്റിന് ഒരു മാസത്തിൽ ഒരു ദിവസത്തെ കാഷ്വൽ ലീവിന് അർഹത ഉണ്ടായിരിക്കുന്നതും മറ്റേതൊരു തരത്തിലുള്ളതുമായ അവധിക്ക് അർഹതയില്ലാത്തതുമാകുന്നു.

(9) സ്റ്റാഫ് കൺസൾട്ടന്റ് ഒരു മാസത്തിൽ ഒരു ദിവസത്തിൽ കൂടുതൽ അവധി ഉപയോഗപ്പെടുത്തുകയാണെങ്കിൽ അങ്ങനെയുള്ള ഓരോ ദിവസത്തെ അവധിക്കുവേണ്ടിയും പ്രതിമാസ പ്രതിഫലത്തെ ആ മാസത്തിലെ പ്രവൃത്തിദിനങ്ങളുടെ എണ്ണം കൊണ്ട് ഹരിക്കുമ്പോൾ കിട്ടുന്നതായ ഓരോ പ്രവൃത്തിദിനത്തിനുമുള്ള ശരാശരി പ്രതിഫലത്തിന് തുല്യമായ തുക, കൊടുക്കേണ്ടതായ പ്രതിഫലത്തിൽനിന്നും കുറവ് വരുത്തേണ്ടതാണ്.

9. പ്രൊഫഷണൽ വിദഗ്ദ്ധർ.—(1) കമ്മീഷന്, ആവശ്യകത സംബന്ധിച്ച് ബോദ്ധ്യപ്പെടുമ്പോൾ, അടിയന്തര സ്വഭാവമുള്ള ഒരു വിഷയത്തിന്മേൽ ഉപദേശത്തിനുവേണ്ടി ഒരു പ്രൊഫഷണൽ വിദഗ്ദ്ധനെ നിയോഗിക്കാൻ തീരുമാനിക്കാവുന്നതാണ്.

(2) കമ്മീഷന്റെ അങ്ങനെയുള്ള തീരുമാനത്തിന്മേൽ, സെക്രട്ടറി ഈ ആവശ്യത്തിലേക്കായി പ്രൊഫഷണൽ വിദഗ്ദ്ധനെ തിരഞ്ഞെടുക്കുന്നതിനുവേണ്ടിയുള്ള ഒരു പ്രൊപ്പോസൽ തയ്യാറാക്കേണ്ടതും കമ്മീഷന്റെ അംഗീകാരം നേടേണ്ടതുമാണ്.

(3) സെക്രട്ടറി മേൽപ്പറഞ്ഞ (2)-ാം ഉപറഗുലേഷൻ പ്രകാരം കമ്മീഷൻ അംഗീകരിച്ച പ്രൊപ്പോസലിനനുസൃതമായി, പ്രവർത്തനമേഖലയിൽ ആവശ്യമായ വൈദഗ്ദ്ധ്യമുള്ള രണ്ടിൽ കുറയാത്ത പ്രൊഫഷണൽ വിദഗ്ദ്ധരുടെ ഒരു പാനൽ, കൺസൾട്ടൻസി ജോലി സ്വീകരിക്കാനുള്ള അവരുടെ സന്നദ്ധതയും അവർ ഓരോരുത്തരും ആവശ്യപ്പെട്ട ഫീസും സഹിതം തയ്യാറാക്കേണ്ടതാണ്.

(4) കമ്മീഷന്, മേൽപ്പറഞ്ഞ (3)-ാം ഉപറഗുലേഷൻ പ്രകാരം തയ്യാറാക്കിയ പാനലിൽ നിന്നും കമ്മീഷന് ഉചിതമെന്ന് കരുതാവുന്ന അങ്ങനെയുള്ള ഫീസ് നൽകുന്നതിന്മേലും അങ്ങനെയുള്ള മറ്റ് നിബന്ധനകളിന്മേലും കൺസൾട്ടന്റായി നിയമനത്തിനുവേണ്ടി വിദഗ്ദ്ധനെ തിരഞ്ഞെടുക്കാവുന്നതാണ്:

എന്നാൽ, അപ്രകാരം നിശ്ചയിച്ച ഫീസ് ഒരു വ്യക്തിഗത ഇനം ജോലിക്കുവേണ്ടി ഒരു ലക്ഷം രൂപയിൽ കവിയാൻ പാടില്ലാത്തതാണ്.

10. ഇളവ് നൽകുന്നതിനുള്ള അധികാരം.—കമ്മീഷന് എഴുതി രേഖപ്പെടുത്തേണ്ട കാരണങ്ങളാൽ, ഉചിതമായ സംഗതികളിൽ ഈ റഗുലേഷനുകളിലെ ഏതൊരു വ്യവസ്ഥയ്ക്കും ഇളവ് നൽകാവുന്നതാണ്.

കമ്മീഷന്റെ ഉത്തരവിൻപ്രകാരം,

സന്തോഷ് കുമാർ, കെ. ബി.,

*സെക്രട്ടറി.*

## വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല, എന്നാൽ അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

2003-ലെ ഇലക്ട്രിസിറ്റി ആക്റ്റ് 91-ാം വകുപ്പ് (4)-ാം ഉപവകുപ്പ്, സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷനെ അതിന്റെ ചുമതലകൾ നിർവ്വഹിക്കുന്നതിൽ ആ കമ്മീഷനെ സഹായിക്കാനാവശ്യമായ കൺസൾട്ടന്റുമാരെ വിനിർദ്ദേശിച്ചേക്കാവുന്ന നിബന്ധനകൾക്കും വ്യവസ്ഥകൾക്കും വിധേയമായി നിയമിക്കാൻ അധികാരപ്പെടുത്തുന്നു. കമ്മീഷൻ അതിന്റെ ചുമതലകൾ കൃത്യമായും സമയബന്ധിതമായും നിർവ്വഹിക്കുന്നതിന് കൺസൾട്ടന്റുമാരുടെ നിയമനം ആവശ്യമാണെന്ന് കാണുകയുണ്ടായി. അതനുസരിച്ച് കമ്മീഷൻ പൊതുജനങ്ങളുടെ അഭിപ്രായം തേടുന്നതിനായി 2015-ലെ കേരള സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ (കൺസൾട്ടന്റുമാരുടെ നിയമനം) റഗുലേഷനുകളുടെ ഒരു കരട് തയ്യാറാക്കുകയും പ്രസിദ്ധീകരിക്കുകയും ചെയ്തു. കമ്മീഷൻ 2015-ലെ കേരള സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ (കൺസൾട്ടന്റുമാരുടെ നിയമനം) റഗുലേഷനുകൾ അന്തിമമാക്കുകയും ചെയ്തു.

മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

(ശരിത്തർജ്ജമ)

*കുറിപ്പ്:*—ഈ മലയാള പരിഭാഷയും 2015 ഡിസംബർ 1-ാം തീയതിയിലെ 2692-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ 2015 നവംബർ 18-ാം തീയതിയിലെ നമ്പർ 1573/അഡ്മിൻ./15/കെഎസ്ഇആർസി വിജ്ഞാപന പ്രകാരം പ്രസിദ്ധപ്പെടുത്തിയ ഇംഗ്ലീഷിലുള്ള Kerala State Electricity Regulatory Commission (Appointment of Consultants) Regulations, 2015-ഉം തമ്മിൽ വ്യത്യസ്ത വ്യാഖ്യാനങ്ങൾക്ക് കാരണമാകുന്നപക്ഷം പരാമർശിച്ച ഇംഗ്ലീഷിലുള്ള റഗുലേഷനുകൾ ആധികാരിക പാഠമായി കരുതപ്പെടേണ്ടതാണ്.